No. CEE/5500/2017/KEAM-2018/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്
# KEAM-2018

## നിശ്ചിത സമയത്തിനകം ബി.ഡി.എസ്.കോഴ്സിൽ തിരികെ പ്രവേശനം നേടാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് പ്രവേശനം നേടുന്നതിന് അവസരം ലഭ്യമാക്കിയത് സംബന്ധിച്ച്

മെഡിക്കൽ & അനുബന്ധ കോഴ്സുകളിലെ ആദ്യ രണ്ട് റൗണ്ട് അലോട്ട്മെന്റുകൾക്ക് ശേഷം ബി.ഡി.എസ് കോഴ്സിൽ പ്രവേശനം നേടിയിരുന്ന ചില വിദ്യാർത്ഥികൾക്ക് 2018 സെപ്റ്റംബർ 4, 5 തീയതികളിൽ നടന്ന മോപ്പ്-അപ്പ് കൗൺസലിംഗിൽ പുതിയ അലോട്ട്മെന്റ് നൽകുകയും പ്രവേശനം നേടുകയും ചെയ്തിരുന്നു. എന്നാൽ സെപ്റ്റംബർ 8, 9 തീയതികളിൽ നടന്ന പുന:ക്രമീകരിച്ച കൗൺസലിംഗിൽ പ്രസ്തുത അലോട്ട്മെന്റ് നഷ്ടമായിട്ടുണ്ടെങ്കിൽ അവർക്ക് ആദ്യം ലഭിച്ചിരുന്ന ബി.ഡി.എസ്. കോഴ്സിലെ അഡ്മിഷൻ നിലനിർത്തുന്നതായും അപ്രകാരം ബി.ഡി.എസ് കോഴ്സുകളിലേയ്ക്ക് തിരികെ പ്രവേശിക്കുവാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 13.09.2018 ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി അതാത് ഡെന്റൽ കോളേജുകളിൽ തിരികെ പ്രവേശനം നേടേണ്ടതാണ് എന്നും അറിയിച്ചിരുന്നു. കൂടാതെ സെപ്റ്റംബർ 4, 5 തീയതികളിൽ നടന്ന കൗൺസലിംഗിൽ ബഹു. കേരള ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുതായി ഉൾപ്പെടുത്തിയ 4 സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ പ്രവേശനം നേടിയതും, 8, 9 തീയതികളിലെ കൗൺസലിംഗിൽ പുതിയ അലോട്ട്മെന്റ് ലഭിക്കാത്തതുമായ വിദ്യാർത്ഥികൾക്കും നേരത്തേ ബി.ഡി.എസ്. കോഴ്സിൽ അഡ്മിഷൻ ഉണ്ടായിരുന്നെങ്കിൽ അത് നിലനിർത്തിയിട്ടുണ്ടെന്നും അത്തരം വിദ്യാർത്ഥികളും അവർ ആഗ്രഹിക്കുന്ന പക്ഷം 13.09.2018 വൈകുന്നേരം 5 മണിയ്ക്കകം നേരത്തേയുണ്ടായിരുന്ന ബി.ഡി.എസ്. കോഴ്സിൽ തിരികെ പ്രവേശനം നേടേണ്ടതാണെന്നും അറിയിച്ചിരുന്നു. ഇത്തരത്തിൽ നേരത്തേ അഡ്മിഷൻ ഉണ്ടായിരുന്ന ഡെന്റൽ കോളേജിൽ 13.09.2018 വൈകുന്നേരം 5 മണിക്കകം തിരികെ പ്രവേശിക്കാൻ കഴിയാതിരുന്ന വിദ്യാർത്ഥികൾക്ക് 14.09.2018 രാവിലെ 9 മണിക്ക് **തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജ് കാമ്പസിലുള്ള ഓൾഡ് ഓഡിറ്റോറിയത്തിൽ** ആയതിനുള്ള അവസരം നൽകുന്നതാണ്. എന്നാൽ 14.09.2018 രാവിലെ 10 മണിക്ക് മുൻപായി തിരികെ പ്രവേശനം നേടാത്തവർക്ക് ബി.ഡി.എസ്. കോഴ്സിൽ നിലനിർത്തിയിരുന്ന അഡ്മിഷൻ റദ്ദായതായി കണക്കാക്കി അപ്രകാരം വരുന്ന ഒഴിവുകൾ പുതുക്കിയ കൗൺസലിംഗിലൂടെ 14.09.2018-ന് രാവിലെ 11 മണിക്ക് നികത്തുന്നതുമായിരിക്കും.

തിരുവനന്തപുരം
13.09.2018

പ്രവേശന പരീക്ഷാ കമ്മീഷണർ